● പുസ്തകം

**സുസ്ഥിരമായ ജീവനത്തിനുള്ള ചട്ടക്കൂടുകൾ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ എങ്ങിനെ അതിജീവനോപാധികളും പൊതുവിഭവവിതരണവും അതിന്മേലുള്ള നിയന്ത്രണവും അവയ്ക്കെല്ലാം മേൽനോട്ടം വഹിക്കുന്ന സ്ഥാപനവും ഭരണകൂടവുമായി ബന്ധപ്പെട്ടുകിടക്കുന്നു എന്ന് പ്ലാച്ചിമട സമരത്തെ ഈ പഠനം നോക്കിക്കാണുന്നു.**

**സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനത്തിന്റെ ഭാഗമായി പുറത്തിറങ്ങിയ ജല അരക്ഷിതത്വം, സ്ഥാപനം, ജീവസന്ധാരണ ഗതീയതകൾ-'പ്ലാച്ചിമടയിൽ ഒരു പഠനം' എന്ന പുസ്തകം ഉണർത്തിയ ചിന്തകൾ.**

# ജ്ഞാനത്തിന്റെ സാമൂഹ്യവത്കരണം

ഡോ. സി.എസ്. വെങ്കിടേശ്വരൻ

**ഏതൊരു** ജനകീയ സമരവും രണ്ടു വിധത്തിൽ സാമൂഹിക ജ്ഞാനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഒന്ന്, ആ സമരം ഉയർത്തുന്ന ചോദ്യങ്ങൾ, പിന്തുടരുന്ന/ വികസിപ്പിക്കുന്ന സമരരീതികൾ, പങ്കാളിത്ത തന്ത്രങ്ങൾ, സാമൂഹ്യ കണ്ണിചേരലുകൾ, അധികാരകേന്ദ്രങ്ങളുമായുള്ള മുഖാമുഖം - ഇവയിലൂടെയെല്ലാം ഉത്പാദിപ്പിക്കപ്പെടുന്നതും ആർജ്ജിക്കപ്പെടുന്നതുമായ ജ്ഞാനം.

മറ്റൊന്ന്, ഏതു സമരത്തിനും ആ സമൂഹത്തിൽ ലഭ്യമായിട്ടുള്ള വിവരങ്ങളെയും വിജ്ഞാനങ്ങളെയും വിജ്ഞാനത്തൊഴിലാളികളെയും ബുദ്ധിജീവികളെയും സാംസ്കാരിക പ്രവർത്തകരെയും എല്ലാം കണ്ണിചേർത്തുകൊണ്ട് എങ്ങനെ ആ സമരത്തെ കൂടുതൽ മാനവികവും വിമോചനാത്മകവും സമകാലികവും ആക്കാമെന്ന് ആരായുന്ന തലത്തിലുള്ളത്.

കേരളത്തിൽ നടക്കുന്ന സമരങ്ങളിൽ പലപ്പോഴും രണ്ടാമതു പറഞ്ഞ തലത്തിലുള്ള കൈകോർക്കലുകൾ വിരളമാണ്. ഭരണകൂടം ഇടനിലക്കാരായിരിക്കുന്ന, പ്രശ്നബാധിതരും മുതലാളിയും തമ്മിലുള്ള, അവിടെമാത്രം നടക്കുന്ന വടംവലിമാത്രമാണ് പലപ്പോഴും. 'ഐക്യദാർഢ്യ'ങ്ങൾ ഒറ്റപ്പെട്ട കുറേ സ്വരനഷ്ടങ്ങളായി തീരുകയും ചെയ്യുന്നു. സമരത്തിനുള്ള വൈജ്ഞാനിക/സാമൂഹ്യശാസ്ത്ര പിന്തുണ എന്നല്ല, ആ സമരത്തെ രേഖപ്പെടുത്തുക (documentation) എന്ന കാര്യത്തിൽ പോലുമുള്ള വിമുഖത, അനാസ്ഥ, ഇതിന്റെ തന്നെ ഒരു പൊതുസൂചകമായി കണക്കാക്കാവുന്നതാണ്. ഒരുപക്ഷേ സൈലന്റ് വാലി സമരകാലത്തും മാവൂർ സമരത്തിന്റെ ആദ്യഘട്ടത്തിലും മറ്റും ശാസ്ത്രസാഹിത്യപരിഷത്ത് ഏറ്റെടുത്ത ദൗത്യം അതായിരുന്നു- ശാസ്ത്രത്തെയും രാഷ്ട്രീയത്തെയും ബന്ധിപ്പിക്കുക എന്ന ദൗത്യം, അത് സമൂഹത്തിൽ ലഭ്യമായ ജ്ഞാനത്തിന്റെ സാമൂഹ്യവൽക്കരണം തന്നെയായിരുന്നു. എന്നാൽ ക്രമേണ,ശുദ്ധസത്യമായ ശാസ്ത്രം - ശാസ്ത്രപ്രവർത്തക സംഘടന- രാഷ്ട്രീയപാർട്ടി/ സ്ഥാപനങ്ങൾ- പദ്ധതികൾ- വികസനം എന്നതുപോലുള്ള രേഖീയവും ശ്രേണീബന്ധവുമായ സമവാക്യങ്ങളിലേക്കാണ് ഇത്തരം ശ്രമങ്ങൾ എത്തിപ്പെട്ടത്. നിശ്ചലനാത്മകമായ അത്തരം പരികൽപനകൾ ഇന്ന് അപ്രസക്തമോ പ്രയോജനരഹിതമോ ആയിതീർന്നിരിക്കുന്നു.

ശാസ്ത്രം=സത്യം, മൂലധനം= തിന്മ, ചൂഷകൻ x ഇര തുടങ്ങിയ ലളിത ധാരണകൾ ഇന്ന് രാഷ്ട്രീയമായി ഫലപ്രദമല്ലാതായിരിക്കുന്നു.

ഇന്നത്തെ സമരങ്ങൾ മുമ്പെന്നത്തേക്കാളുമുപരി കൂടുതൽ പ്രത്യക്ഷമായിതന്നെ പൊതുവിഭവങ്ങളുടെ നീതിയുക്തമായ പ്രയോഗത്തേയും വിതരണത്തേയും ചൊല്ലിയുള്ളതാണ്- ഭൂമി, ജലം, വായു, കടൽ, പരിസ്ഥിതി തുടങ്ങി മാനവരാശിയുടെ നിലനിൽപിനെ തന്നെയാണ് ഈ സമരങ്ങൾ അഭിസംബോധനചെയ്യുന്നത്. മിച്ചമൂല്യമോ വർഗ്ഗവൈരുദ്ധ്യമോ മാത്രമല്ല അവയുടെ ചാലകശക്തി. ഈ മാറിയ അവസ്ഥയെ രാഷ്ട്രീയപ്രസ്ഥാനങ്ങളും സമരങ്ങളും തിരിച്ചറിയാതെ വയ്യ. അല്ലെങ്കിൽ അവർ പഴയ ഭാഷകളിലും ശൈലികളിലും ശീലങ്ങളിലും ഒതുങ്ങിത്തീരാനാണ് സാധ്യത.

ഈ പശ്ചാത്തലത്തിലാണ് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് നടത്തിയ Water insecurity, Institution and livelihood dynamics-A study in Plachimada, Kerala, India (ജല അരക്ഷിതത്വം, സ്ഥാപനം, ജീവസന്ധാരണ ഗതീയതകൾ- പ്ലാച്ചിമടയിൽ ഒരു പഠനം) ഡോ. കെ.എൻ. നായർ, ആന്റണിടോ പോൾ , പ്രൊഫ. വിനീതമേനോൻ എന്നിവരുടെ ഗവേഷണപ്രബന്ധം ശ്രദ്ധേയമായിരുന്നു. ആറുവർഷങ്ങൾ പിന്നിടുന്ന, ഇന്നും തുടരുന്ന പ്ലാച്ചിമട സമരത്തെക്കുറിച്ചുള്ള സംക്ഷിപ്തമെങ്കിലും സമഗ്രമായ ഒരു ചിത്രം ഈ പുസ്തകം അവതരിപ്പിക്കുന്നു.

സുസ്ഥിരമായ ജീവനത്തിനുള്ള ചട്ടക്കൂടുകൾ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ എങ്ങനെ അതിജീവനോപാധികളും പൊതുവിഭവവിതരണവും അതിന്മേലുള്ള നിയന്ത്രണവും അവയ്ക്കെല്ലാം മേൽനോട്ടം വഹിക്കുന്ന സ്ഥാപനവും ഭരണകൂടവുമായി ബന്ധപ്പെട്ടുകിടക്കുന്നു എന്നും, ഈ മുഖാമുഖം മനുഷ്യരുടെ വിഭവാവസ്ഥകളെ സ്വാധീനിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നതെങ്ങനെയെന്നും, അത്തരമൊരു പാരസ്പര്യത്തിലും ചലനാത്മകമായ സാമൂഹ്യപ്രക്രിയയിലും നിർണായകഘടകങ്ങളിലൊന്നായിട്ടാണ് പ്ലാച്ചിമട സമരത്തെ ഈ പഠനം നോക്കിക്കാണുന്നത്.

സുസ്ഥിരമായ വികസനം / ജീവനം എന്നതിനെ അടിസ്ഥാനപര



**Water Insecurity Institutions & Livelihood Dynamics A Study in Plachimada, Kerala, India**
K.N. Nair
Antonyto Paul
Vineetha Menon
Pages 132, Rs. 300.00
Pub: Daanish Books

മായി ഒരു ജനാധിപത്യപ്രശ്നമായി കാണുകയും, അങ്ങനെ'രാഷ്ട്രീയം' (രാഷ്ട്രത്തെ സംബന്ധിക്കുന്നത്) എന്നതിനെ യഥാർത്ഥ അർത്ഥത്തിൽ ഒരു പ്രക്രിയയായി പരികൽപനചെയ്യുന്നു എന്നതുമാണ് ഈ പഠനത്തിന്റെ രാഷ്ട്രീയ പ്രസക്തി- പ്രത്യേകിച്ച് എല്ലാ പൊതുവ്യവഹാരങ്ങളും അധികാരകേന്ദ്രീകൃതവും ഗൂഢാലോചനായുക്തിഭദ്രവും ആയിത്തീർന്നിരിക്കുന്ന നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ.

അതായത്, പ്ലാച്ചിമടസമരത്തെ വെറും ഒരു വ്യാവസായിക സാങ്കേതിക പ്രശ്നമായല്ല ഇവിടെ നിരൂപിക്കപ്പെടുന്നത്. മറിച്ച് മനുഷ്യർക്ക് സുസ്ഥിരമായ നിലനിൽപിന്, സ്വതന്ത്രമായ ജീവനത്തിനുള്ള അവകാശത്തിന്റെ, പൊതുവായതിനുമുകളിൽ - വിഭവങ്ങളും അധികാരങ്ങളും - അവയ്ക്കുള്ള നിയന്ത്രണവും ആയി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നായിട്ടാണ്. ഭരണകൂടവും, മൂലധനവും, പല തലങ്ങളിൽ പടർന്നുകിടക്കുന്ന അധികാരസ്ഥാപനങ്ങളും, ജ്ഞാനസ്ഥാപനങ്ങളും, സ്ഥാപനതാൽപര്യങ്ങളും, മാധ്യമശക്തിയും, സിവിൽ സമൂഹത്തിന്റെ ഇച്ഛയും എല്ലാം കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു സന്ധിയോ സന്ദർഭമോ ആയാണ് പ്ലാച്ചിമടസമരം ഇവിടെ ചർച്ചചെയ്യപ്പെടുന്നത്. ബഹുതല സ്പർശിയായ ഒന്നാണത്. ഫാക്ടറിയുടെ നടത്തിപ്പ് സ്വന്തം ജീവിതത്തെ നേരിട്ടു ബാധിക്കുന്ന സമരത്തിൽ നേരിട്ടു പങ്കെടുക്കുന്നവർ അടങ്ങിയ ആദ്യവൃത്തങ്ങൾ തുടങ്ങി അനവധി തലങ്ങളിലായി അതു പടർന്നുകിടക്കുന്നു. ഈ വിവിധ വൃത്തങ്ങളുടെയെല്ലാം-നേരിട്ടു ബാധിക്കപ്പെട്ടവർ, സമരമുഖത്തുള്ളവർ, ഫാക്ടറി മുതലാളിമാർ, തൊഴിലാളികൾ, വിവിധ ഭരണകൂടസ്ഥാപനങ്ങൾ, പൊതുസമൂഹം, മറ്റു സമരപ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ, ശാസ്ത്രജ്ഞർ, സാംസ്കാരികപ്രവർത്തകർ, മാധ്യമങ്ങൾ... പാരസ്പര്യത്തിന്റെ അതിന്റെ ബലതന്ത്രത്തിന്റെ പശ്ചാത്തലത്തിലാണ് സമരത്തിന്റെ ലക്ഷ്യങ്ങളും ഫലപ്രാപ്തിയും വിലയിരുത്തപ്പെടുന്നത്. ഈ വൃത്തങ്ങളെല്ലാംതന്നെ സമരത്തിന്റെ തന്നെ തുടർച്ചയും സാധ്യതകളും കണ്ണികളും ആയി വിഭാവനം ചെയ്യുന്നു. അങ്ങനെ ഈ സമരത്തെ തികച്ചും പ്രശ്നാധിഷ്ഠിതവും സാങ്കേതികവും പ്രാദേശികവും ആയ അനുഭവതലത്തിൽ വിശകലനം ചെയ്യുമ്പോൾതന്നെ അതിന്റെ വിദൂരലക്ഷ്യങ്ങളും അതു തുറന്നിടുന്ന കൈകോർക്കൽ സാധ്യതകളും പുതിയ സമരരൂപങ്ങൾക്കും തന്ത്രങ്ങൾക്കും ഉള്ള തുറസ്സുകളായിത്തീരുന്നു.

അതുകൊണ്ടുതന്നെ പ്ലാച്ചിമടയിലെ ജലവിഭവത്തെയും മലിനീകരണത്തെയും സംബന്ധിക്കുന്ന വിവിധ ഏജൻസികളുടെ പഠനറിപ്പോർട്ടുകൾക്കൊപ്പംതന്നെ, രാഷ്ട്രീയ പാർട്ടികളുടെ നിലപാടിന്റെയും മാധ്യമ ഇടപെടലുകളും സമരത്തിന് രൂപംകൊടുത്ത മനുഷ്യരും ഈ പഠനത്തിൽ സ്ഥാനം നേടുന്നു. അങ്ങനെ ഇത്തരം ഒരു ജനകീയ സമരത്തിന്റെ അടിസ്ഥാനപരമായ സാമൂഹികതയെയും അതുവഴി രാഷ്ട്രീയത്തെയും വീണ്ടെടുക്കാൻ ശ്രമിക്കുന്നു എന്നതാണ് ഈ പഠനത്തിന്റെ മുഖ്യപ്രസക്തി. സമരമുഖത്തുനിൽക്കുന്നവരെയും അതിൽ മറ്റു പലതലങ്ങളിൽനിന്നുകൊണ്ട് ഇടപെടുന്നവരെയും സംബന്ധിച്ചിടത്തോളം ഈ പഠനം സമഗ്രമായ ഒരു കണക്കെടുപ്പിനും (Stock taking) അതിലൂടെ സ്വന്തം പങ്കാളിത്തത്തെ പുനരാവിഷ്കരിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിലുള്ള സമരനയരൂപീകരണത്തിനും സഹായകമാകും. ഒപ്പംതന്നെ ഇതുപോലെ മറ്റിടങ്ങളിൽ നടക്കുന്ന സമരസംഗമങ്ങൾക്കും ഈ പഠനവും അതുന്നയിക്കുന്ന പ്രശ്നങ്ങളും ഉൾക്കാഴ്ചകളും പ്രയോജനപ്രദമായിരിക്കും.

*സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ്,*
*പാപ്പനംകോട്, തിരുവനന്തപുരം*